A | സമഗ്ര ശിക്ഷാ കേരളം | 302

# സമഗ്ര ശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണയം 2022-23

## മലയാളം

ക്ലാസ് - 3

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്...........................................

വിദ്യാലയത്തിന്റെ പേര്...........................................

ഡിവിഷൻ...........................................

രക്ഷിതാവിന്റെ ഒപ്പ്...........................................

അധ്യാപകന്റെ ഒപ്പ്...........................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | സംഭാഷണമെഴുതാം | |
| 3 | കളിവിവരണം | |
| 4 | വരികൾ കൂട്ടിച്ചേർക്കാം | |
| 5 | ജീവചരിത്രക്കുറിപ്പു തയാറാക്കാം | |
| 6 | ആശംസാക്കാർഡ് തയാറാക്കാം | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് അധികം കടലാസ് ഉപയോഗിക്കാം.

### പ്രവർത്തനം 1. ഉത്തരമെഴുതാം

കൂ... കൂ...

കൂമന്റെ നീട്ടിയുള്ള മൂളൽ കേട്ടാണ് കുഞ്ഞിക്കുരുവി ഞെട്ടിയുണർന്നത്.

അമ്മക്കിളി നല്ല ഉറക്കത്തിലാണ്.

അവൾ കൂടിന്റെ വാതിൽക്കൽ വന്നിരുന്ന്

പുറത്തേക്കു നോക്കി.

ഹായ്! നല്ല നിലാവ്.

പാൽപ്പാത്രം തട്ടിമറിഞ്ഞതുപോലെ...

തൊട്ടടുത്ത പാടത്തിനരികിലൂടെ ഒഴുകുന്ന പുഴ.

വെള്ളം പളുങ്കുമണികൾ പോലെ...

തെങ്ങോലകൾ കാറ്റത്തിളകിയാടുന്നു.

"ഏതു നേരത്താണ് ഇതൊക്കെ കാണാൻ

കൂടുതൽ ഭംഗി?"

കുഞ്ഞിക്കുരുവി ചിന്തിച്ചു.

"ഇതൊക്കെ കാണാൻ ഏറെ ചന്തം

നിലാവുള്ള രാത്രിയിൽത്തന്നെ".



കഥ വായിച്ചല്ലോ. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

എ). കുഞ്ഞിക്കുരുവി ഞെട്ടിയുണർന്നതിന്റെ കാരണമെന്താണ്?

ബി). നിലാവു കണ്ടിട്ട് കുഞ്ഞിക്കുരുവിക്ക് എന്താണ് തോന്നിയത്?

സി). തന്റെ പരിസരം കാണാൻ ഏറ്റവും ഭംഗിയുള്ള സമയം ഏതാണെന്നാണ് കുഞ്ഞിക്കുരുവി ചിന്തിച്ചത്?

ഡി). 'ഭംഗി' എന്ന് അർഥം വരുന്ന മറ്റൊരു പദംകൂടി കഥയിലുണ്ട്. ആ പദം ഏതാണ്?

ഇ). കഥയ്ക്ക് ഒരു തലക്കെട്ട് എഴുതുക.

പ്രവർത്തനം 2. സംഭാഷണമെഴുതാം

എലിയും വലയിലകപ്പെട്ട സിംഹവും തമ്മിൽ എന്തെല്ലാം പറഞ്ഞിട്ടുണ്ടാകും? സംഭാഷണം പൂർത്തിയാക്കൂ.



എലി : രാജാവേ, എന്തു പറ്റി?

സിംഹം :

എലി :

സിംഹം :

എലി :

സിംഹം :

എലി :

സിംഹം :

എലി :

**പ്രവർത്തനം 3. കളിവിവരണം**

**നിങ്ങൾക്ക് പരിചിതമായ ചില കളികളുടെ ചിത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. കളികളുടെ പേരുകൾ ചിത്രത്തിന് താഴെ എഴുതൂ.**



..........................................................



..........................................................



..........................................................



..........................................................

**നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും ഒരു കളിയെക്കുറിച്ച് വിവരണം തയാറാക്കൂ.**

പ്രവർത്തനം 4. വരികൾ കൂട്ടിച്ചേർക്കാം

കുഞ്ഞിക്കുരുവിക്ക് കൂടുതൽ കാഴ്ചകൾ കാണാൻ കൊതിയായി. അവൾ കൂടു വിട്ട് പുറത്തേക്കു പറന്നു... ഹായ്! എത്ര മനോഹരം!

കതിരണിഞ്ഞ പാടങ്ങൾ, നിറഞ്ഞൊഴുകുന്ന തോടുകൾ, പുഴയിലെ കുഞ്ഞോളങ്ങൾ, പച്ചപുതച്ച കുന്നുകൾ, പൂവുകൾ, പൂമ്പാറ്റകൾ.....

കുഞ്ഞിക്കുരുവി കണ്ട കാഴ്ചകളെ കവിതയാക്കാം. കവിതയ്ക്ക് തലക്കെട്ടും നൽകണേ..



കുഞ്ഞിക്കുരുവി പറക്കുന്നേ
കൂടും വിട്ടു പറക്കുന്നേ...
കുഞ്ഞിക്കണ്ണിൽ നിറയെ നിറയെ
കാഴ്ചകൾ പലതും തെളിയുന്നേ...

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

**പ്രവർത്തനം 5. ജീവചരിത്രക്കുറിപ്പു തയാറാക്കാം**

'ഗാന്ധിജിയുടെ സന്ദേശം' എന്ന പാഠഭാഗം നിങ്ങൾ പഠിച്ചതാണല്ലോ. താഴെ തന്നിരിക്കുന്ന സൂചനകളും കൂടുതൽ വിവരങ്ങളും ഉൾപ്പെടുത്തി ഗാന്ധിജിയുടെ ജീവചരിത്രക്കുറിപ്പു തയാറാക്കൂ.



പ്രവർത്തനം 6. ആശംസാകാർഡ് തയാറാക്കാം.

മാളുവും മുത്തുവും ക്രിസ്തുമസ്സിനെയും പുതുവർഷത്തെയും വരവേൽക്കുവാനുള്ള ഒരുക്കത്തിലാണ്. കൂട്ടുകാർക്ക് നൽകാനായി അവർ ആശംസാകാർഡ് തയാറാക്കാൻ തീരുമാനിച്ചു. നമുക്കും ഒരു ആശംസാകാർഡ് തയാറാക്കിയാലോ...
ചിത്രങ്ങൾ വരച്ച് നിറം നൽകി മനോഹരമാക്കണേ...